CYAN MAGENTA YELLOW BLACK



ഫീച്ചർ

പി. ആർ.

# ഇന്ത്യൻ വ്യവസായ ലോകത്തിലെ മഹാരത്നങ്ങൾ

ഇന്ത്യയുടെ വ്യാവസായികവളർച്ച യുടെയും സാമ്പത്തികഭദ്രതയുടെയും പ്രതിരൂപങ്ങളായി തലയുയർത്തി നില്ക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളാണ് നവരത്ന കമ്പനികൾ. വാക്കിന്റെ അർത്ഥം തന്നെ ഒമ്പതു രത്നങ്ങൾ എന്നാണ്. പേരു സൂചിപ്പിക്കുന്നതുപോലെ തന്നെ ഈ ഗണത്തിൽ ഒമ്പതു സ്ഥാപനങ്ങൾ മാത്രമാണ് തുടക്കത്തിൽ സ്ഥാനംപിടിച്ചത്.

1997 ജൂലൈയിലാണ് ആഗോളതലത്തിൽതന്നെ ശ്രദ്ധിക്കപ്പെടുന്ന മികച്ച സാങ്കേതിക, സാമ്പത്തിക മേന്മകളുള്ള ഈ ഒമ്പതുസ്ഥാപനങ്ങളെ കേന്ദ്രസർക്കാർ നവരത്നഗണത്തിൽപെടുത്തി അവയുടെ ഡയറക്ടർ ബോർഡുകൾക്ക് കൂടുതൽ പ്രവർത്തനസ്വാതന്ത്ര്യവും മറ്റു പരിഗണനകളും വിഭാവനം ചെയ്തത്.

രാജ്യത്തിന്റെ വ്യവസായ വളർച്ചയെ, പ്രത്യേകിച്ച് പൊതുമേഖലയെ ശക്തിപ്പെടുത്തുക എന്ന ബൃഹത്‌ലക്ഷ്യമായിരുന്നു അഭിനന്ദനാർഹവും ദീർഘവീക്ഷണത്തോടുകൂടിയതുമായ ഈ തീരുമാനത്തിനു പിന്നിൽ. എന്നാൽ രാജ്യത്തിന്റെ ദ്രുതഗതിയിലുള്ള വ്യാവസായിക മുന്നേറ്റത്തിന്റെ ഫലമായി ഈ ഗണത്തിൽ ചേർക്കാൻ യോഗ്യതപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം വർധിച്ചുവന്നു. ഇന്ന്, പന്ത്രണ്ടു വർഷങ്ങൾക്കു ശേഷം ഒമ്പത് എന്നത് ഇരട്ടിയായി പതിനെട്ടിൽ എത്തി നില്ക്കുന്നു.

നവരത്നാകമ്പനികളെ മഹാരത്നാകമ്പനികളായുയർത്തി അവയ്ക്ക് ഇപ്പോൾ നല്കുന്നതിലും കൂടുതൽ പ്രവർത്തനസ്വാതന്ത്ര്യവും പരിഗണനയും നല്കുന്നതിനുള്ള ശുപാർശ കേന്ദ്രസർക്കാരിനു മുന്നിൽ എത്തിയിരിക്കുന്നു.

ഇന്ത്യ ലോകത്തെ വൻശക്തിയായി അധികം താമസിയാതെ എല്ലാ നിലയിലും ഉയർത്തപ്പെടും എന്ന അമേരിക്കയുടെ വാക്കുകൾക്ക് ഒരു പ്രവചനം തന്നെയാണെന്നല്ലേ നമ്മുടെ 'മഹാരത്നങ്ങൾ' പ്രഖ്യാപിക്കുന്നത്?

## 1997ൽ നവരത്നാകമ്പനികളായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ

1. ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് (ബി.എച്ച്.ഇ.എൽ)
2. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ)
3. ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (എച്ച്.പി.സി.എൽ)
4. ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഐ.ഒ.സി.)
5. നാഷണൽ തെർമൽ പവർ കോർപ്പറേഷൻ (എൻ.ടി.പി.സി.)
6. ഓയിൽ ആന്റ് നാച്ചുറൽ ഗ്യാസ് കോർപ്പറേഷൻ ലിമിറ്റഡ് (ഒ.എൻ.ജി.സി.)
7. സ്റ്റീൽ അതോറിട്ടി ഓഫ് ഇന്ത്യ ലിമിറ്റഡ് (സെയ്ൽ)
8. വിദേശ് സഞ്ചാർ നിഗം ലിമിറ്റഡ് (വി.എസ്.എൻ.എൽ)
9. ഇന്ത്യൻ പെട്രോ കെമിക്കൽസ് ലിമിറ്റഡ് (ഐ.പി.സി.എൽ).

*തുടക്കത്തിലെ 'നവരത്നങ്ങ'ളിൽ വിദേശ് സഞ്ചാർ നിഗം ലിമിറ്റഡും (വി.എസ്.എൻ.എൽ), ഇന്ത്യൻ പെട്രോ കെമിക്കൽസ് ലിമിറ്റഡും (ഐ.പി.സി.എൽ)പിന്നീട് സ്വകാര്യവത്ക്കരിക്കപ്പെട്ടു.*

### ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റിഡ് (ബേൽ)

1954ൽ ബാംഗ്ലൂർ ആസ്ഥാനമാക്കി ആരംഭിച്ച ബേൽ കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിനു കീഴിലുള്ള പ്രമുഖ സ്ഥാപനമാണ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായുള്ള ഒമ്പത് ഫാക്ടറികളിൽ ഇന്ത്യൻ സായുധസേനയ്ക്കാവശ്യമായ ഇലക്ട്രോണിക് ഉപകരണങ്ങൾ നിർമിക്കുന്നു. പന്തീരായിരത്തിലധികം ജീവനക്കാരുണ്ട്.

### ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് (ഭേൽ)

ഇന്ത്യയുടെ ഏറ്റവും വലിയ ഒമ്പതാമത്തെ പൊതുമേഖലാ സ്ഥാപനമായ ഭേൽ 1962ൽ ന്യൂഡൽഹി ആസ്ഥാനമാക്കി പ്രവർത്തനം ആരംഭിച്ചു. വൈദ്യുതി ഉത്പാദന യൂണിറ്റുകളുടെ നിർമാണം, അറ്റകുറ്റപ്പണി തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ലോകശ്രദ്ധ നേടിയ സ്ഥാപനം. ഇന്ന് നമ്മുടെ രാജ്യത്ത് ആകെ ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ 65 ശതമാനവും ഭേൽ നിർമിച്ചുനല്കിയ ഉപകരണങ്ങൾ ഉപയോഗിച്ചാണ്. ഇത് ഒരു ലക്ഷം മെഗാവാട്ടിനടുത്തുവരും.

### ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ.)

1976ൽ മുംബൈ ആസ്ഥാനമായി തുടക്കംകുറിച്ച ഈ സ്ഥാപനം പെട്രോളിയം ഉത്പന്നങ്ങളുടെ ശുദ്ധീകരണവും വിപണനവും വഴി രാജ്യത്തെ മുഴുവൻ ജനങ്ങളിലും സ്വാധീനശക്തിയുള്ള സ്ഥാപനമായി മുന്നോട്ടുപോകുന്നു.

### നാഷണൽ മിനറൽ ഡവലപ്മെണ്ട് കോർപറേഷൻ ലിമിറ്റഡ്

1958ൽ ഉരുക്കുമന്ത്രാലയത്തിനു കീഴിൽ പ്രവർത്തനം ആരംഭിച്ച (എൻ.എം.ഡി.സി) ഇന്ത്യയിൽ ഏറ്റവും അധികം ഇരുമ്പയിര് ഉത്പാദിപ്പിക്കുകയും കയറ്റുമതി നടത്തുകയും ചെയ്യുന്നു.

### ഷിപ്പിംഗ് കോർപറേഷൻ ഓഫ് ഇന്ത്യ

1961ൽ മുംബൈ ആസ്ഥാനമായി പ്രവർത്തനം തുടങ്ങി. ദേശീയവും അന്തർദേശീയവുമായ കപ്പൽ സർവീസുകൾ നടത്തുന്നു.

### ഹിന്ദുസ്ഥാൻ പെട്രോളിയം കോർപറേഷൻ. ലിമിറ്റഡ് (എച്ച്.പി.സി.എൽ.)

പതിനൊന്നായിരത്തോളം ജീവനക്കാരുള്ള എച്ച്.പി.സി.എൽ. 1976ൽ പ്രവർത്തനമാരംഭിച്ചു. എണ്ണയും ദ്രവീകൃത പ്രകൃതിവാതകവുമാണ് പ്രധാനപ്പെട്ട ഉത്പന്നങ്ങൾ.

### ഇൻഡ്യൻ ഓയിൽ കോർപറേഷൻ ലിമിറ്റഡ് (ഐ.ഒ.സി.)

പെട്രോൾ, ഡീസൽ, മണ്ണെണ്ണ, ദ്രവീകൃത പ്രകൃതിവാതകം, പെട്രോ കെമിക്കൽസ് തുടങ്ങിയവയുടെ ഉത്പാദകരായ ഐ.ഒ.സി ഇന്ന് ഇന്ത്യയിലെ ഏറ്റവും വലിയ പെട്രോളിയം ഉത്പന്ന നിർമാതാക്കളാണ്. രണ്ടരലക്ഷം കോടി രൂപയാണ് വാർഷിക വരുമാനം. ലോകത്തെ ഏറ്റവും വലിയ ഇരുപതാമത്തെ പെട്രോളിയം കമ്പനി കൂടിയാണിത്.

### നാഷണൽ തെർമൽ പവർ കോർപറേഷൻ ലിമിറ്റഡ് (എൻ.ടി.പി.സി.)

ഇന്ത്യയിലെ ഏറ്റവും വലിയ ഊർജോത്പാദക കമ്പനിയായ എൻ.ടി.പി.സി. 1975ൽ പ്രവർത്തനം തുടങ്ങി. കായംകുളത്തെ എൻ.ടി.പി.സി.യുടെ യൂണിറ്റ് നമ്മുടെ സംസ്ഥാനത്തെ ഊർജാവശ്യം നിറവേറ്റുന്നതിൽ വലിയ പങ്കാണ് വഹിക്കുന്നത്.

### പവർ ഫിനാൻസ് കോർപറേഷൻ ലിമിറ്റഡ്

കേന്ദ്ര ഊർജമന്ത്രാലയത്തിനു കീഴിലുള്ള ഈ സ്ഥാപനം 1986ൽ പ്രവർത്തനം തുടങ്ങി. സാമ്പത്തികമായും മറ്റുമുള്ള പിന്തുണ ഇന്ത്യയിലെ ഊർജോത്പാദന രംഗത്തെ സ്ഥാപനങ്ങൾക്ക് നല്കുന്നു.

### റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപറേഷൻ ലിമിറ്റഡ് (ആർ.ഇ.സി.)

ഗ്രാമീണ മേഖലയുടെ വൈദ്യുതീകരണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനമാണ് ആർ.ഇ.സി. സംസ്ഥാന വൈദ്യുതി ബോർഡുകൾക്കുൾപ്പെടെ ഈ വിധ പ്രവർത്തനങ്ങൾക്കായി സഹായം നല്കുന്നു.

### സ്റ്റീൽ അതോറിട്ടി ഓഫ് ഇന്ത്യ ലിമിറ്റഡ് (സെയ്ൽ)

ഇന്ത്യയിലെ ഏറ്റവും വലിയ ഉരുക്കുനിർമാതാവാണ് സെയ്ൽ. 1954ൽ പ്രവർത്തനം തുടങ്ങിയ ഈ സ്ഥാപനം ഇരുമ്പും ഉത്പാദിപ്പിക്കുന്നു.

### ഗെയ്ൽ (ഇന്ത്യ) ലിമിറ്റഡ്

ഇന്ത്യയിലെ ഏറ്റവും വലിയ പ്രകൃതിവാതക കമ്പനിയായ ഗെയ്ൽ 1984ൽ പ്രവർത്തനമാരംഭിച്ചു. ലോകത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടികയിൽ ഇടം പിടിച്ച ഗെയ്‌ലിൽ 3500 ജീവനക്കാരുണ്ട്.

### ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ്

1940ൽ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തനം തുടങ്ങി. കേന്ദ്ര പ്രതിരോധമന്ത്രാലയത്തിനു കീഴിലുള്ള ഈ സ്ഥാപനം വ്യോമയാനം, പ്രതിരോധം എന്നീ മേഖലകളുമായി ബന്ധപ്പെട്ട ഉപകരണങ്ങളാണ് നിർമിക്കുന്നത്.

### മഹാനഗർ ടെലികോം നിഗം ലിമിറ്റഡ്

2000ൽ ടെലികമ്യൂണിക്കേഷൻ മേഖലയിലേക്ക് സ്വകാര്യകമ്പനികൾക്ക് പ്രവേശനം അനുവദിക്കുന്നതുവരെ ആ രംഗത്തെ കുത്തകസ്ഥാപനമായിരുന്ന എം.ടി.എൻ.എൽ ഇന്നും മികച്ച നിലയിൽ പ്രവർത്തനം തുടരുന്നു.

### നാഷണൽ അലുമിനിയം കമ്പനി ലിമിറ്റഡ് (നാൽകോ)

ഏഷ്യയിലെ ഒന്നാമത്തെയും ലോകത്തെ ആറാമത്തെയും അലൂമിനിയം അധിഷ്ഠിത വ്യവസായ സ്ഥാപനമാണിത്.

### കോൾ (ഇന്ത്യ) ലിമിറ്റഡ്

ഇന്ത്യയിലെ ഏറ്റവും വലിയ കൽക്കരി ഖനന കമ്പനിയാണ് കോൾ (ഇന്ത്യ) ലിമിറ്റഡ്. കൊൽക്കത്ത ആസ്ഥാനമാക്കി 1975ൽ സ്ഥാപിതമായി. ലിഗ്നൈറ്റാണ് മറ്റൊരു പ്രധാന ഉത്പന്നം.

### ഓയിൽ ആന്റ് നാച്യുറൽ ഗ്യാസ് കോപ്പറേഷൻ (ഒ.എൻ.ജി.സി.)

500 ലോകോത്തര കമ്പനികളിൽ 335-ാം സ്ഥാനമുള്ള ഒ.എൻ.ജി.സി. 1993ൽ പൊതുമേഖലാ സ്ഥാപനമായി. ഇന്ത്യക്കാവശ്യമായ ക്രൂഡോയിൽ, പ്രകൃതിവാതകം എന്നിവയുടെ മുക്കാൽ പങ്കും ഒ.എൻ.ജി.സിയാണ് ഉത്പാദിപ്പിക്കുന്നത്.

### പവർഗ്രിഡ് കോർപ്പറേഷൻ

രാജ്യത്തെ ഏറ്റവും വലിയ പവർ ട്രാൻസ് മിഷൻ കമ്പനിയായ പവർഗ്രിഡാണ് 45 ശതമാനം വൈദ്യുതിയും ലക്ഷ്യസ്ഥാനത്തെത്തിക്കുന്നത്. 71,500 കിലോമീറ്ററാണ് നെറ്റ്‌വർക്ക്. ടെലികോം മേഖലയിലേക്കും പ്രവർത്തനം വ്യാപിപ്പിച്ച പവർഗ്രിഡിന് 20,000 കിലോമീറ്റർ നെറ്റ്‌വർക്ക് ആ മേഖലയിലുണ്ട്. ★

CYAN MAGENTA YELLOW BLACK

ചരിത്രം

ഡോ. വെളുത്താട്ട് കേശവൻ

# പുരാതത്ത്വപഠനവും മെഗാലിത്തുകളും

കേരള ചരിത്രരചനയ്ക്ക് ഒരാമുഖം – 3

ഇന്നത്തെ നിലയ്ക്ക് കേരളചരിത്ര രചനയ്ക്കുതകുന്ന സാമഗ്രികളേതൊക്കെയാണ്? പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനം വരെയുള്ള കാലത്തെ ചരിത്രമെഴുതാൻ പ്രധാനമായും ഈയന്വേഷണം തുടങ്ങേണ്ടത് പുരാതത്ത്വ പ്രമാണങ്ങളിൽ നിന്നാണ്. പുരാതത്ത്വപഠനങ്ങൾ കേരളത്തിൽ ഏറെയൊന്നും പുരോഗമിച്ചിട്ടില്ല. എങ്കിലും പ്രാചീന ചരിത്രപഠനത്തിന് ആദ്യം ഉപയോഗിക്കേണ്ട തെളിവ് ഈ വകുപ്പിൽപ്പെട്ടതാണെന്ന് മറന്നുകൂടാ.

കേരളത്തിലവിടവിടെ നിന്ന് പ്രാചീന ശിലായുഗത്തിലേതും നവീനശിലായുഗത്തിലേതുമായ ചില കല്ലായുധങ്ങൾ കിട്ടിയിട്ടുള്ളതല്ലാതെ ശിലായുഗസംബന്ധിയായി വ്യക്തമായൊരു ചിത്രം ഇനിയും എഴുതപ്പെട്ടിട്ടില്ല. മറയൂരിലെയും തൊവരിയിലെയുമൊക്കെ പാറച്ചിത്രങ്ങൾ ശിലായുഗത്തിലേതെന്ന് പല വിധത്തിൽ പറയാറുണ്ട്. ഒന്നും വ്യക്തമല്ല. കേരളത്തിലെ ശിലായുഗത്തെക്കുറിച്ച് വ്യക്തമായെന്തെങ്കിലും പറയാനുള്ള തെളിവുകൾ തീരെ കഷ്ടിയാണ്; ഉള്ളവയെതന്നെ വ്യാഖ്യാനിച്ച രീതിയാവട്ടെ, തീർത്തും അവിദഗ്ധവും.

കേരളത്തിലെ പ്രാകൃതചരിത്രത്തിന്റെ മറ്റൊരു വിശേഷത, ശിലായുഗത്തിൽ നിന്ന് അയോയുഗത്തിലേക്ക് നേരിട്ടൊരു ചാട്ടമാണ് ഇവിടത്തെ പ്രമാണങ്ങളിൽ കാണുന്നതെന്നതാണ്. ഒരു കാൽക്കോലിത്തിക്ക് യുഗമോ താമ്രയുഗമോ ഇവിടെ ഇടയ്ക്കു നില്ക്കുന്നില്ല. ഈയൊരു "ഡബിൾ പ്രമോഷൻ" അതർഹിക്കുന്ന ഗൗരവത്തോടെ ആരും ചർച്ചചെയ്തുകണ്ടിട്ടില്ല. ഒരു താമ്രയുഗം, അഥവാ താമ്ര-ശിലാഘട്ടം ഇവിടെയുണ്ടായതിന് തെളിവൊന്നുമില്ല. ഒന്നുകിൽ ഉള്ള തെളിവുകൾ ഇനിയും കണ്ടെടുത്തിട്ടില്ല; അല്ലെങ്കിൽ തെളിവിന്റെ ഈ അഭാവം വേണ്ടത്ര ഗൗനിക്കപ്പെട്ടിട്ടില്ല. രണ്ടായാലും കേരളത്തിലെ പ്രാകൃതചരിത്ര പഠനത്തിന്റെയും അതിന്റെ സഹായകശാസ്ത്രമായ പുരാതത്ത്വപഠനത്തിന്റെയും പിന്നോക്കാവസ്ഥയിലേക്കാണിതു വിരൽ ചൂണ്ടുന്നത്.



കേരളാ പുരാവസ്തുവകുപ്പിന്റെ ഖനനത്തിൽ കണ്ടെത്തിയ നൂറ്റാണ്ടുകൾ പഴക്കമുള്ള കുടങ്ങൾ

●●●●●

**കേരളത്തിലവിടവിടെ നിന്ന് പ്രാചീനശിലായുഗത്തിലേതും നവീനശിലായുഗത്തിലേതുമായ ചില കല്ലായുധങ്ങൾ കിട്ടിയിട്ടുള്ളതല്ലാതെ ശിലായുഗസംബന്ധിയായി വ്യക്തമായൊരു ചിത്രം ഇനിയും എഴുതപ്പെട്ടിട്ടില്ല. മറയൂരിലെയും തൊവരിയിലെയുമൊക്കെ പാറച്ചിത്രങ്ങൾ ശിലായുഗത്തിലേതെന്ന് പല വിധത്തിൽ പറയാറുണ്ട്. ഒന്നും വ്യക്തമല്ല.**

●●●●●

പുരാതത്ത്വശാസ്ത്രത്തിന്റെ പിന്നോക്കാവസ്ഥയെ വിളിച്ചോതുന്ന മറ്റൊന്നാണ്, ശാസ്ത്രീയമായ ഉത്ഖനനങ്ങളുടെ അഭാവം. പണ്ട് കൊച്ചിയിലെ പുരാവസ്തു വകുപ്പിന്റെ മേല്നോട്ടത്തിൽ അനുജൻ അച്ചൻ കൊടുങ്ങല്ലൂരിൽ ചില സ്ഥലങ്ങളൊക്കെ കിളച്ചു. പിന്നീട്, ഏതാണ്ടു മുപ്പതുകൊല്ലം മുമ്പ്, ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയ്ക്കുവേണ്ടി കെ.വി. രാമലു ചില സ്ഥലങ്ങളിലൊക്കെ ഉത്ഖനനം നടത്തി. ഹിസ്റ്റോറിക്കൽ ആർക്കിയോളജിയുമായി ബന്ധപ്പെട്ട് കേരളത്തിൽ നടന്ന ഒരേയൊരു പഠനം ഇതാണ്. ഇതിൽ തന്നെ ശാസ്ത്രീയമായ റിപ്പോർട്ട് ഇനിയും ലഭ്യമല്ല താനും. പല നൂറായിരത്താണ്ടുകളോളം മനുഷ്യവാസത്തിന്റെയും സംസ്കാരത്തിന്റെയും കേന്ദ്രങ്ങളായിരുന്ന എത്രയോ സ്ഥലങ്ങൾ-ഏഴിമല, തളിപ്പറമ്പ് മുതൽ കൊല്ലം, വിഴിഞ്ഞം വരെ-പുരാതത്ത്വജ്ഞന്റെ കൈക്കോട്ടും കാത്തു കിടക്കുന്നുണ്ടെന്നോ! അവ വാഗ്ദാനം ചെയ്യുന്ന സാധ്യതകൾ അനന്തമാണ്.

പുരാതത്ത്വ പഠനത്തിലെ തന്നെ മറ്റൊരു പ്രശ്നമാണ്, "മഹാശിലാസ്മാരകങ്ങൾ" എന്നറിയപ്പെടുന്ന മെഗാലിത്തുകൾ.

**പുരാതത്ത്വ പഠനത്തിലെ തന്നെ മറ്റൊരു പ്രശ്നമാണ്, "മഹാശിലാസ്മാരകങ്ങൾ" എന്നറിയപ്പെടുന്ന മെഗാലിത്തുകൾ. കാലനില്ലാത്ത കാലത്തെക്കുറിച്ചും പാണ്ഡവരുടെ കുഴികളെക്കുറിച്ചുമൊക്കെ കഥകൾ പറഞ്ഞുകൊണ്ട് ഇവയെ വിശദീകരിച്ചിരുന്ന കാലത്തുനിന്നും നാം പുരോഗമിച്ചുവെങ്കിലും പലർക്കും ഇവ ഇന്നും "ശിലായുഗ"ത്തിന്റെ ബാക്കിയാണ്. കേരളത്തിലെ ഈ സ്മാരകങ്ങളെ കൂടുതൽ ബൃഹത്തായ കാഴ്ചപാടിൽ ആരും പഠിച്ചിട്ടില്ല.**

കാലനില്ലാത്ത കാലത്തെക്കുറിച്ചും പാണ്ഡവരുടെ കുഴികളെക്കുറിച്ചുമൊക്കെ കഥകൾ പറഞ്ഞുകൊണ്ട് ഇവയെ വിശദീകരിച്ചിരുന്ന കാലത്തുനിന്നും നാം പുരോഗമിച്ചുവെങ്കിലും പലർക്കും ഇവ ഇന്നും "ശിലായുഗ"ത്തിന്റെ ബാക്കിയാണ്. കേരളത്തിലെ ഈ സ്മാരകങ്ങളെ കൂടുതൽ ബൃഹത്തായ കാഴ്ചപാടിൽ ആരും പഠിച്ചിട്ടില്ല.



കൊടുങ്ങല്ലൂരിൽ അനുജൻ അച്ഛന്റെ മേല്നോട്ടത്തിൽ ഖനനം നടത്തിയ സ്ഥലം

തൊട്ടയല്പക്കമായ കർണാടക-തമിഴ്നാട്ടിലെയോ അവിടുന്ന് വടക്ക് പശ്ചിമ ഡെക്കാൻ-വിദർഭ പ്രദേശങ്ങളിലെയോ മെഗാലിത്തുക്കളുമായി ചേർത്തുവച്ചു പഠിച്ചാൽ അവയുമായുള്ള സാജാത്യ വൈജാത്യങ്ങൾ ഇവയെക്കുറിച്ചു കൂടുതൽ മനസ്സിലാക്കാനുപകരിക്കും. വെറുതേ ഒരു മെഗാലിത്തിക്ക് സഞ്ചയം തുറന്നുവെച്ച് അതിന്റെ ഇരുമ്പുപകരണങ്ങളെ മുൻനിർത്തി കേരളത്തിലെ ഇരുമ്പുയുഗത്തെക്കുറിച്ച് ദീർഘമായുപന്യസിക്കുകയും ഇന്ത്യയിലാകമാനം ആയസ സാങ്കേതികവിദ്യ കേരളത്തിൽ നിന്നുപോയതാണെന്ന തരത്തിൽ വിഡ്ഢിത്തങ്ങൾ എഴുന്നള്ളിക്കുകയും ചെയ്യുന്നതുകൊണ്ട് ചരിത്രപഠനം മുന്നോട്ടല്ല പോവുക. *(തുടരും)*

# പാഠപുസ്തകത്തിലെ മതാധിക്ഷേപം മതേതരത്വത്തിനു ഭീഷണി

കെ.എസ്.സി (എം)

പാഠപുസ്തകങ്ങളിലൂടെ ക്രൈസ്തവ സഭയെയും പുരോഹിത ശ്രേഷ്ഠരെയും ബോധപൂർവം അധിക്ഷേപിക്കുന്ന ചില കമ്യൂണിസ്റ്റു സഹയാത്രികരുടെ ലേഖനങ്ങൾ പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തിയ വിദ്യാഭ്യാസ മന്ത്രി എം.എ ബേബിയുടെ നടപടി സാമുദായിക, മതേതരത്വ ബന്ധങ്ങൾ തകർക്കുക എന്ന ഗൂഢലക്ഷ്യത്തോടു കൂടിയാണെന്നും ഇത് വിദ്യാഭ്യാസ മേഖലയിൽ അനാവശ്യ അസ്വസ്ഥത പടർത്തുമെന്നും കെ.എസ്.സി.(എം) സംസ്ഥാന പ്രസിഡണ്ട് റോണി മാത്യു പറഞ്ഞു. കെ.എസ്.സി.(എം) സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കോട്ടയം ഡി.ഡി. ഓഫീസിലേക്ക് നടത്തിയ മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മതേതരത്വ മനോഭാവം തകർക്കുക എന്ന ഗൂഢലക്ഷ്യത്തോടെ നിലവാരമില്ലാത്ത ചില കമ്യൂണിസ്റ്റ് സഹയാത്രികരെക്കൊണ്ട് പാഠഭാഗങ്ങൾ എഴുതിപ്പിടിപ്പിക്കുന്ന മന്ത്രി ബേബി സ്വയം രണ്ടാം മുണ്ടശ്ശേരി എന്ന് അവകാശപ്പെടുന്നത് അപഹാസ്യമാണ്. ഈ മന്ത്രി കേരളത്തിലെ വിദ്യാഭ്യാസ മേഖലയ്ക്ക് അപമാനവും അപകടവുമാണ്. പ്ലസ്‌വൺ വിദ്യാർത്ഥികളുടെ ഇംപ്രൂവ്മെന്റ് അവസരം ഇല്ലാതാക്കുകയും പുനർമൂല്യ നിർണയ ഫീസും സപ്ലിമെന്ററി ഫീസും പത്തിരട്ടിയായി വർധിപ്പിക്കുകയും ചെയ്ത സർക്കാർ നടപടി പൊതുവിദ്യാഭ്യാസമേഖലയിലെ വിദ്യാർത്ഥികളോടു കാട്ടിയ കൊടുംക്രൂരതയാണ്. ഇത് പിൻവലിച്ചില്ലെങ്കിൽ ശക്തമായ സമരത്തെ സർക്കാർ നേരിടേണ്ടി വരും. നിർധന വിദ്യാർത്ഥി സമൂഹത്തോട് ഇത്ര കൊടുംക്രൂരതകാട്ടിയിട്ടും സർക്കാരിന്റെ സ്തുതി പാഠകരായി തുടരുന്ന എസ്.എഫ്.ഐയും മറ്റ് ഇടതു വിദ്യാർത്ഥി സംഘടനകളും കേരളത്തിലെ വിദ്യാഭ്യാസമേഖലയ്ക്ക് അപമാനമാണെന്നും റോണി മാത്യു ആരോപിച്ചു.




കെ.എസ്.സി(എം)ന്റെ ഡിഡി മാർച്ച് പ്രസിഡണ്ട് റോണി മാത്യു ഉദ്ഘാടനം ചെയ്യുന്നു. മജു പുളിക്കൻ, ടോബിൻ കെ.അലക്സ്, റിജോ കടവൻ, രാജേഷ് വി.ആർ. റ്റിജോ മണ്ണൂർ, ബോബി കക്കാനാപള്ളി, ഷെയ്ക്ക് അബ്ദുള്ള, സംസ്ഥാന ഭാരവാഹികളായ ജിപ്സൺ ജെ.നടയ്ക്കൽ, ടോം.ജെ.പുളിക്കൻ, ബിനിൽ ജോൺ, റെനീഷ് ജേക്കബ്, ജിനു അതിരമ്പുഴ എന്നിവർ സമീപം.

കെ.എസ്.സി. (എം) സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ മാർച്ചിന് പാർട്ടി സെക്രട്ടറിയേറ്റ് മെമ്പർ വിജി എം തോമസ്, കെ.എസ്.സി(എം) സംസ്ഥാന സെക്രട്ടറിമാരായ മജു പുളിക്കൻ, ടോബിൻ കെ.അലക്സ്, റിജോ കടവൻ, രാജേഷ് വി. ആർ, ടിജോ മണ്ണൂർ, ബോബി കക്കാനപ്പള്ളി, ഷെയ്ക്ക് അബ്ദുള്ള, സംസ്ഥാന ഭാരവാഹികളായ ജിപ്സൺ ജെ.നടയ്ക്കൽ, ടോം.ജെ. പുളിക്കൻ, ബിനിൽ ജോൺ, റെനീഷ് ജേക്കബ്, ജിനു അതിരമ്പുഴ എന്നിവർ നേതൃത്വം നല്കി.

# പതിമൂന്നാം പേജ്

നാരദൻ

## ഞങ്ങളോടു കളിച്ചാൽ

ഇനി ആർ.എസ്.പി. പറയാഞ്ഞിട്ടു സിപിഎം നന്നാകാതിരിക്കണ്ട. മാർക്സിസ്റ്റുകാരു പിള്ളകളി അവസാനിപ്പിച്ചു വേഗം നന്നായിക്കോണം എന്നാണ് ആർ.എസ്.പി ആജ്ഞാപിച്ചിരിക്കുന്നത്. അതൊരന്ത്യശാസനമെന്നു പറഞ്ഞുകൂടെങ്കിലും നല്ലൊരു താക്കീതിന്റെ സ്വരമാണ് ആർ.എസ്.പി കേസരികൾ മുഴക്കിയിരിക്കുന്നത്.



ആർ.എസ്.പിക്കാർക്ക് ഇങ്ങനെയൊക്കെ പറയാൻ എവിടുന്നിത്ര ധൈര്യം കിട്ടിയെന്നു നമുക്കു തോന്നാം. അതിൽ കാര്യമില്ല. പേടിപോലെതന്നെയാണ് ധൈര്യവും. ചിലർക്ക് ഓർക്കാപ്പുറത്ത് ഒരു ധൈര്യമിങ്ങുവരും. ഒരു പക്ഷേ, കുറച്ചുനേരത്തേക്കേ അതു കാണൂ. എങ്കിലും, ഉള്ള സമയം അവർ നിന്നു കത്തും. അവസരത്തിനൊത്തു ധൈര്യം ഭാവിക്കുന്നവരും ഉണ്ട്. പലരുകൂടിയാൽ പാമ്പിനെ തല്ലാൻ എല്ലാവർക്കും ധൈര്യമാണെന്നറിയാമല്ലൊ. ഓരോരുത്തരായി വടിയെടുക്കുന്നു, കല്ലെടുക്കുന്നു. പാമ്പൊട്ടു ചാവുകയുമില്ല. ചിലപ്പോൾ പാമ്പു പാമ്പിന്റെ വഴിക്കുപോയെന്നുമിരിക്കും.

ആറ്.എസ്.പി. ഈ വിഭാഗത്തിൽപെടുമോയെന്നറിയില്ല. തത്ക്കാലം തിരഞ്ഞെടുപ്പിനുവേണ്ടി നില്ക്കണ്ട, വീട്ടിലിരുന്നു മത്സരിച്ചാൽ മതിയെന്നു പിണറായി പറഞ്ഞതേ എണീറ്റുപോയ ധൈര്യശാലികളാണ് കക്ഷികൾ. അപ്പോൾ പിന്നെ ഇങ്ങനെയൊരു ധൈര്യം എങ്ങനെ വന്നു? ആർക്കും സംശയം തോന്നാം. സംശയിച്ചിട്ടിനി കാര്യമില്ല. വല്ലതും നാലക്ഷരം പറയണമെങ്കിൽ ഇതിനെക്കാളും നല്ലൊരവസരം ഇനി വരാനില്ലെന്നവർ കണ്ടു. എന്തെന്നാൽ, സി.പി.എം ഇപ്പോൾ മൊത്തത്തിൽ ചമ്മിയ നിലയിലാണ്. 'ഭാരിച്ച ഉത്തരവാദിത്വം' കാരണം മുഖ്യമന്ത്രി ഇപ്പോൾ എൽഡിഎഫ് യോഗത്തിനുപോലും വരുന്നില്ല. വിളിച്ചിട്ടു വേണ്ടേ വരാൻ എന്നതു വേറൊരു കാര്യം. എങ്ങനെയായാലും എൽ.ഡി.എഫിന്റെ സ്ക്രൂ മൊത്തത്തിൽ ഇളകിയിരിക്കയാണെന്ന് വൈക്കം വിശ്വനും സമ്മതിക്കും. ഇനി ഞങ്ങളോടു ചോദിക്കാതെ ഈ വീട്ടിൽ ഒരു പണിയും നടത്തിയേക്കരുതെന്നാണ് ആർ.എസ്.പി മാത്രമല്ല, സിപിഐയും വിലക്കിയിരിക്കുന്നത്. വെളിയമാശാനുണ്ടെങ്കിൽ പിന്നെ രാമകൃഷ്ണപിള്ളയ്ക്കും ചന്ദ്രചൂഡനും പേടിക്കണ്ട കാര്യമുണ്ടോ?

ജനതാദളിലെ പ്രബലവിഭാഗം വീരേന്ദ്രകുമാറിന്റെ വകയെന്നു പ്രകാശ് കാരാട്ടും തെറ്റയിൽ-മാത്യു ടി തോമസ് വകയെന്നു പിണറായിയും വിശ്വസിക്കുന്നിടത്ത്, വല്ലവനെയും മന്ത്രിയാക്കാൻ പ്ലാനുണ്ടെങ്കിൽ അതു കോൺഗ്രസ് എസിനു കൊടുത്താട്ടേയെന്നാണു വെളിയമാശാന്റെ നിലപാട്. എന്തായാലും സിപിഎമ്മിനു ചുറ്റും തിരുത്തലുകാരു നിരന്നിരിക്കയാണ്. ആരു തിരുത്തിയാലും എങ്ങനെ തിരുത്തിയാലും അതു ഞങ്ങളുകൂടി പറഞ്ഞിട്ടാണെന്ന് വെളിയത്തിനും ചന്ദ്രചൂഡനുമൊക്കെ ഇനി ധൈര്യമായി ഞെളിയാം. ●

## കപ്പയും ഇറച്ചിയും പോരട്ടെ

ഉച്ചക്കഞ്ഞി കൊടുത്തു നമ്മുടെ പിള്ളേരെയും പള്ളിക്കൂടത്തെയും രക്ഷിച്ചെടുക്കാമെന്നായിരുന്നു നാളിതുവരെ നാം വിചാരിച്ചിരുന്നത്. എന്നാൽ, കണക്കുകൂട്ടലുകളൊക്കെ തെറ്റിപ്പോയെന്നാണു പുതിയ വിവരം. 2003 മുതൽ 2008 വരെയുള്ള പ്രവർത്തനം വിലയിരുത്തിയ കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഉച്ചക്കഞ്ഞി പദ്ധതി ലക്ഷ്യത്തിന്റെ ഏഴയൽപക്കത്തുപോലും എത്തിയില്ലെന്നാണു കണ്ടെത്തിയിരിക്കുന്നത്.



പ്രൈമറി സ്കൂളിലെ പ്രവേശനം വർധിപ്പിക്കുക, ഹാജർനില കൂട്ടുക, കൊഴിഞ്ഞുപോക്കു തടയുക, കുട്ടികളിലെ പോഷകനിലവാരം വർധിപ്പിക്കുക എന്നിവയായിരുന്നു ലക്ഷ്യങ്ങൾ. പദ്ധതി നടപ്പാക്കിയ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അഞ്ചുവർഷത്തിനിടെ കുട്ടികളുടെ എണ്ണം വർധിപ്പിക്കാനായില്ലെന്നു മാത്രമല്ല, ഒന്നുമുതൽ അഞ്ചുവരെ ക്ലാസ്സുകളിൽ 1.69 ലക്ഷം കുട്ടികളും ആറ്, ഏഴ് ക്ലാസ്സുകളിൽ അരലക്ഷത്തിലേറെ കുട്ടികളും കുറഞ്ഞത് മിച്ചം. പദ്ധതിയില്ലാത്ത അൺ എയ്ഡഡ് സ്കൂളുകളിലാവട്ടെ, പിള്ളേരു കൂടുകയും. എങ്ങനെയുണ്ട്? ഹാജരിന്റേയും മാർക്കിന്റേയുമൊക്കെ കാര്യവും ഏറെക്കുറെ തഥൈവ.

കറിവയ്ക്കാനും കഞ്ഞിവിളമ്പാനുമൊക്കെ പോകുന്നതുകൊണ്ട് അധ്യാപകരുടെ പഠിപ്പീരും കേമമാണത്രെ. പിള്ളേരെ കഞ്ഞി കുടിപ്പിച്ചുവിടുന്നതല്ലാതെ പോഷകനിലവാരമൊട്ടു പരിശോധിക്കുന്നുമില്ല. അല്പം ഉച്ചക്കഞ്ഞി കുടിക്കാനായിട്ടു പിള്ളേരു പള്ളിക്കൂടത്തിൽ വന്നുകളയും എന്നു ചിന്തിച്ചുകൂട്ടിയ അധികൃതരുടെ ആലോചനാ ബുദ്ധിയോർത്തു ചിരിവരുന്നു. ഇന്നു വയറ്റുപിഴപ്പിന് വേറെ എന്തെല്ലാം മാർഗങ്ങൾ!

വേണമെങ്കിലിനി കപ്പയും ഇറച്ചിയും കൂടി ഒന്നു പരീക്ഷിക്കാം. പട്ടി കൊണ്ടുപോകാതെ നോക്കണമെന്നേയുള്ളൂ. ●

## മൊഴിയും മറുമൊഴിയും

ചാണക്യൻ

**പോ**ലിസുകാർ ആരുടെയും ചെണ്ടയല്ലെന്നു മന്ത്രി കോടിയേരി ബാലകൃഷ്ണൻ.

➢ **ചെണ്ടയല്ലെങ്കിലും ചിലരുടെയെല്ലാം പീഷിയല്ലേയെന്നൊരു സംശയം.**

* * * * *

**സ്വാ**ശ്രയകോളജുകളുടെ കാര്യത്തിലുള്ള യാഥാർത്ഥ്യങ്ങൾ കാണാതെ വിദ്യാർത്ഥി സംഘടനകൾ കണ്ണടച്ചിരുട്ടാക്കരുതെന്നു മന്ത്രി എം.എ. ബേബി.

➢ **മന്ത്രിയദ്ദേഹം കണ്ണടച്ചു കണ്ണടച്ചു മടുത്ത ലക്ഷണമാണ്!**

* * * * *

**ജ**നതാദളിനോടുള്ള അനുഭാവപൂർവകമായ സമീപനം എൻ.സി.പിയോടു സ്വീകരിക്കാൻ തയ്യാറല്ലെന്ന് പ്രതിപക്ഷനേതാവ് ഉമ്മൻചാണ്ടിയും കെ.പി.സി.സി.പ്രസിഡണ്ട് രമേശ് ചെന്നിത്തലയും.

➢ **മുരളീധരനെയോർത്ത് ഇടയ്ക്കിടെ ഇങ്ങനെ ഞെട്ടുന്നതുകൊണ്ട് ഉമ്മനും രമേശും അറിയാതെ ഒട്ടുന്നുവെന്നതാണ് ഇതിലെ ഗുണപരമായ വശം.**

* * * * *

**ക്രൈം** പത്രാധിപർ ടി.പി.നന്ദകുമാറും ജോയ് പീറ്ററും ചേർന്നു തയ്യാറാക്കിയ 'അഴീക്കോട് പ്രണയവും കാപട്യവും' എന്ന പുസ്തകം എം.വി. ദേവൻ പ്രകാശനം ചെയ്തു.

*- പത്രറിപ്പോർട്ട്*

➢ **അങ്ങനെ വീണ്ടും ഒരശ്ലീലച്ചിരിക്കുകൂടി കോപ്പായി.**

* * * * *

**പ്ര**തിപക്ഷത്തിരുന്നപ്പോൾ നടത്തിയപ്രസ്താവനകളും സമരങ്ങളും മറന്നുപോയ വിദ്യാഭ്യാസമന്ത്രി എം.എ.ബേബിക്കു മറവിരോഗം ബാധിച്ചിരിക്കയാണെന്ന് എൻ.എസ്.യു.പ്രസിഡണ്ട് ഹൈബി ഈഡൻ.

➢ **പണ്ടത്തെ ഈ വല്യ 'സൂക്കേടു' കുറഞ്ഞപ്പോൾ ചെറിയൊരു മറവിരോഗം. സാരമാക്കാനില്ല.**

* * * * *

**വി**വാദം സൃഷ്ടിച്ച മതമില്ലാത്ത ജീവൻ എന്ന പാഠഭാഗമടങ്ങുന്ന ഏഴാംക്ലാസ്സിലെ പഴയ സാമൂഹികശാസ്ത്രം പുസ്തകം സ്കൂളുകളിൽ വിതരണം ചെയ്ത ഉദ്യോഗസ്ഥനു സസ്പെൻഷൻ.

- പത്രറിപ്പോർട്ട്

➢ **വിദ്യാഭ്യാസമന്ത്രി 'മതം' മാറിയത് പാവം ഉദ്യോഗസ്ഥൻ അറിഞ്ഞില്ല.**

* * * * *

**ലാ**വ്‌ലിൻ കേസിൽ സംസ്ഥാന സെക്രട്ടറി പിണറായി വിജയന്റെ നിരപരാധിത്വം കുടുംബസംഗമങ്ങൾ വിളിച്ചു വിശദീകരിക്കാൻ സിപിഎം തീരുമാനം.

- പത്രറിപ്പോർട്ട്

➢ **നാട്ടുകാരെ പേടിക്കണം. കുടുംബത്തിൽ പിറന്നവരാകുമ്പോൾ കേട്ടിരുന്നോളും.**

* * * * *

**ജ**നങ്ങൾക്ക് ഇഷ്ടമാകാത്ത പലതും സി.പി.എമ്മിൽ സംഭവിച്ചെന്നും അതാണു തിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചതെന്നും മന്ത്രി തോമസ് ഐസക്ക്.

➢ **ഇഷ്ടം പോലെ പറഞ്ഞാട്ടെ, ഞങ്ങൾക്കൊരു വിരോധോമില്ല.**

* * * * *

**അനുസ്മരണം**

പ്രിൻസ് രാജ്

# സി.കേശവന്റെ ദീപ്ത സ്മരണയ്ക്ക് നാലു പതിറ്റാണ്ട് (1891-1969)

ആദർശനിഷ്ഠയും കർമധീരതയും കൈമുതലാക്കിയ നിസ്വാർത്ഥ പൊതുപ്രവർത്തകനായിരുന്നു സി.കേശവൻ. ഐക്യകേരളം രൂപീകൃതമാകുന്നതിനു മുമ്പത്തെ തിരു-കൊച്ചി സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി, ശ്രീനാരായണ ധർമപരിപാലനയോഗത്തിന്റെ ജനറൽ സെക്രട്ടറി തുടങ്ങിയ നിലകളിലെല്ലാം കേരളത്തിന്റെ നഭോമണ്ഡലത്തിൽ നിറഞ്ഞുനിന്ന ആ അതികായൻ വിടപറഞ്ഞിട്ട് ഈ ജൂലൈ ഏഴിന് നാലുപതിറ്റാണ്ടു തികഞ്ഞു.

നെയ്ത്തുകാരനായിരുന്ന, കൊല്ലം മയ്യനാട്ട് 'തട്ടാന്റെ കിഴക്കേതിൽ' വീട്ടിൽ കുഞ്ചന്റെയും ചക്കിയുടെയും മകനായി 1891 മെയ് 23ന് സി.കേശവൻ ജനിച്ചു. സമൂഹത്തിലും സ്വസമുദായത്തിലും ഘനീഭവിച്ചുനിന്ന അനാചാരങ്ങൾക്കും അസമത്വങ്ങൾക്കും എതിരെ സാമൂഹ്യനീതിക്കുവേണ്ടിയുള്ള എസ്.എൻ.ഡി.പി. യോഗത്തിന്റെ പോരാട്ടം മൂർധന്യാവസ്ഥയിലെത്തിയ കാലഘട്ടമായിരുന്നു അത്. 'വിദ്യകൊണ്ട് പ്രബുദ്ധരാവുക, സംഘടനകൊണ്ട് ശക്തരാവുക' എന്ന ശ്രീനാരായണ ഉദ്ബോധനം അലയടിച്ച കാലം. സവർണമേധാവിത്വം തീർത്ത സാമൂഹ്യ അതിർവരമ്പുകൾ ഈഴവർ ഉൾപ്പെടെയുള്ള വിഭാഗങ്ങളെ സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പുറംപോക്കിൽ വേർതിരിച്ചു നിർത്തിയിരുന്നു. ഈ വേർതിരിവുകളെ ഭേദിക്കുവാനും എല്ലാവർക്കും സമത്വം എന്ന ലോകതത്വം പ്രാവർത്തികമാക്കുവാനുമുള്ള ആദ്യ ചുവടുവയ്പ് വിദ്യാധനം സ്വായത്തമാക്കുകയാണെന്ന് ഉദ്ഘോഷിക്കപ്പെട്ടു. ഈഴവർ ഉൾപ്പെടെയുള്ള സമുദായങ്ങളിലെ കുരുന്നുകൾ വിദ്യയുടെ കൈത്തിരി സ്ഫുരിക്കുന്ന പ്രകാശം ബുദ്ധിമണ്ഡലങ്ങളിലേക്ക് സ്വീകരിക്കുവാനായി എഴുത്തുപള്ളിക്കൂടങ്ങളിലേക്ക് നയിക്കപ്പെട്ടു. അക്കൂട്ടത്തിൽ സി.കേശവനും ഉണ്ടായിരുന്നു.

കൊല്ലം സെന്റ് അലോഷ്യസ് സ്കൂൾ, സർക്കാർ ഹൈസ്കൂൾ എന്നിവിടങ്ങളിലായി പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. എറണാകുളം മഹാരാജാസ് കോളജിൽ നിന്ന് ഇന്റർ മീഡിയറ്റും പാസ്സായി. ഇക്കാലയളവിൽതന്നെ ജാതീയമായ ഉച്ചനീചത്വങ്ങളുടെ ഒട്ടനവധി ഹൃദയഭേദകമായ അനുഭവങ്ങൾക്ക് സാക്ഷിയാകേണ്ടിവന്ന കേശവനിൽ ആ വ്യവസ്ഥയ്ക്കെതിരായ രോഷമുണർന്നു. ഈ ഉച്ചനീചത്വങ്ങൾ തുടച്ചുനീക്കണമെന്നുതന്നെ മനസ്സിൽ പ്രതിജ്ഞയെടുത്ത് നാട്ടിൽ തിരിച്ചെത്തിയ കേശവൻ, അമ്മാവനും എഴുത്തുകാരനും എസ്.എൻ.ഡി.പി. യോഗത്തിന്റെ സമാദരണീയനായ നേതാവുമായിരുന്ന സി.വി.കുഞ്ഞുരാമന്റെ സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങളിൽ മുഴുവൻ സമയവും ഭാഗഭാക്കായി. ഇതിനിടയിൽ അധ്യാപനജോലിയിൽ പ്രവേശിച്ച കേശവൻ ശാസ്താംകോവിലെ സ്കൂളിൽ പ്രധാനാധ്യാപകനും പാലക്കാട് ബാസിൽ സ്കൂൾ, മാവേലിക്കര സ്കൂൾ എന്നിവിടങ്ങളിൽ അധ്യാപകനുമായിരുന്നു. സാമൂഹ്യപ്രവർത്തനങ്ങളിൽ മുഴുവൻ സമയം പങ്കാളിയായതോടെ ഔദ്യോഗിക ജീവിതത്തോടു വിടപറഞ്ഞു.

അമ്മാവൻ സി.വി.കുഞ്ഞുരാമന്റെ മകൾ വാസന്തിയെ അദ്ദേഹം വിവാഹം കഴിച്ചു. ശ്രീനാരായണ ഗുരുവുമായി പരിചയപ്പെട്ടത് കേശവനിലെ സാമൂഹ്യപ്രവർത്തകന് കൂടുതൽ കർമോർജവും മുന്നോട്ടുള്ള പ്രയാണത്തെ സംബന്ധിച്ച വീക്ഷണവും പ്രദാനം ചെയ്തു. ഗുരുവിന്റെ കൂടി ഉപദേശപ്രകാരം കേശവൻ തിരുവനന്തപുരം ലോ കോളജിൽ ചേർന്നു. ഇക്കാലത്തെ ഗാന്ധിയുടെ തിരുവനന്തപുരം സന്ദർശനം കേശവനിൽ ആവേശം നിറച്ചു. ന്യൂനപക്ഷസമുദായങ്ങളുടെ ഐക്യത്തിനുവേണ്ടി നേതൃനിരയിൽനിന്നു പ്രവർത്തിച്ച കേശവൻ തിരുവിതാംകൂറിലെ ദിവാൻ ഭരണത്തിനെതിരായ പ്രക്ഷോഭത്തിന്റെ മുന്നണിയിൽതന്നെയുണ്ടായിരുന്നു.

## ക്രൈസ്തവ മഹാസമ്മേളനവും അറസ്റ്റും

ക്രൈസ്തവമഹാസമ്മേളനത്തോടനുബന്ധിച്ച് കോഴഞ്ചേരിയിൽ 1935 മെയ് 11ന് നടന്ന സംയുക്ത രാഷ്ട്രീയ സമ്മേളനത്തിന്റെ മുഖ്യസംഘാടകരിലൊരാൾ സി.കേശവനായിരുന്നു. ആ സമ്മേളനത്തിൽ ദിവാൻ സർ സി.പിക്കെതിരായി പ്രസംഗിച്ചു എന്ന കാരണത്താൽ ജൂൺ 7ന് അദ്ദേഹം അറസ്റ്റിലായി. സഹപ്രവർത്തകനും സുഹൃത്തുമായിരുന്ന ടി.എം.വർഗീസ് നടത്തിയ നിയമയുദ്ധത്തിന്റെ ഫലമായി 1937 ഓഗസ്റ്റ് 25ന് അദ്ദേഹം ജയിൽ മോചിതനായി. എന്നാൽ ഇതിന്റെ പ്രതികാരമെന്നോണം ശ്രീമൂലം അസംബ്ലിയിലെ ഡെപ്യൂട്ടി പ്രസിഡണ്ട് സ്ഥാനം ടി.എം.വർഗീസിന് നഷ്ടപ്പെട്ടു.

അധികാരകേന്ദ്രങ്ങളിൽനിന്നുണ്ടായ ഭീഷണികളും പീഡനങ്ങളും സമൂഹത്തിൽ അക്കാലത്തും അവശേഷിച്ച അസമത്വങ്ങളും, ജനങ്ങളുടെ മനസ്സിലെ ജനകീയ നേതാവിന്റെ ഇരിപ്പടത്തിലേക്കുള്ള കേശവന്റെ ചവിട്ടുപടികളായി തീർന്നു.



*സി.കേശവൻ*

'വിദ്യകൊണ്ട് പ്രബുദ്ധരാവുക, സംഘടനകൊണ്ട് ശക്തരാവുക' എന്ന ശ്രീനാരായണ ഉദ്ബോധനം അലയടിച്ച അക്കാലത്ത് സവർണ മേധാവിത്വം തീർത്ത ജാതീയ വേർതിരിവുകളെ ഭേദിച്ച് ഈഴവർ ഉൾപ്പെടെയുള്ള സമുദായങ്ങളിലെ കുരുന്നുകൾ വിദ്യയുടെ കൈത്തിരി സ്ഫുരിക്കുന്ന പ്രകാശം ബുദ്ധിമണ്ഡലങ്ങളിലേക്ക് സ്വീകരിക്കുവാനായി എഴുത്തു പള്ളിക്കൂടങ്ങളിലേക്ക് നയിക്കപ്പെട്ടു. അക്കൂട്ടത്തിൽ സി.കേശവനും ഉണ്ടായിരുന്നു.

## സ്റ്റേറ്റ് കോൺഗ്രസും രാഷ്ട്രീയ പ്രവേശനവും

1938ൽ സ്റ്റേറ്റ് കോൺഗ്രസ് രൂപീകൃതമായതോടെ സാമൂഹ്യപരിഷ്കരണപ്രവർത്തനങ്ങളോടൊപ്പം കേശവന്റെ സജീവ രാഷ്ട്രീയപ്രവർത്തനത്തിനും തുടക്കമായി. ദിവാൻ സർ സി.പി.രാമസ്വാമി അയ്യർക്കെതിരെ തുറന്ന പോരാട്ടത്തിന് സ്റ്റേറ്റ് കോൺഗ്രസ് തയ്യാറെടുത്തു. തിരുവിതാംകൂർ ആകമാനം പ്രക്ഷോഭപരമ്പരകളാൽ മുഖരിതമായി. 1947 ജൂലൈ 25ന് വധശ്രമത്തെ തുടർന്ന് ഗുരുതരമായി പരിക്കേറ്റ് സർ സി.പി. തിരുവിതാംകൂർ വിടുന്നതുവരെ ആ പ്രക്ഷോഭസമരത്തെ ജ്വലിപ്പിച്ചുനിർത്തിയതിൽ മുഖ്യപങ്കുവഹിച്ചത് സി.കേശവനായിരുന്നു.

സി.പി.യുടെ അധികാരമൊഴിയലിനെതുടർന്ന് ഭരണപരിഷ്കാരത്തിനായി രൂപീകരിച്ച തിരുവിതാംകൂർ റീഫോംസ് കമ്മിറ്റിയിൽ സി.കേശവനും അംഗമായി. 1948 മാർച്ചിൽ തിരുവിതാംകൂറിലെ ആദ്യ ജനകീയ മന്ത്രിസഭയായ പട്ടംതാണുപിള്ളയുടെ മന്ത്രിസഭയിൽ അദ്ദേഹം സഹമന്ത്രിയായി. 1951 ഫെബ്രുവരി 24ന് സർവസമ്മതനെന്ന നിലയിൽ സി.കേശവൻ തിരു-കൊച്ചി മുഖ്യമന്ത്രിയായി.

1952ൽ നടന്ന തെരഞ്ഞെടുപ്പിനെതുടർന്ന് നിലവിൽവന്ന മന്ത്രിസഭ പതിനെട്ടു മാസങ്ങൾക്കു ശേഷം അധികാരമൊഴിഞ്ഞതോടെ സി.കേശവൻ സജീവ രാഷ്ട്രീയത്തോട് വിട പറഞ്ഞു.

അധികാര ദല്ലാളൻമാരുടെ ധാർഷ്ട്യത്തിനുമുന്നിലും മനുഷ്യനെ തൊലിയുടെയും നിറത്തിന്റെയും ജനിച്ച സമുദായത്തിന്റെയും പേരിൽ കൊടിയ പീഡനത്തിനും അപമാനത്തിനും അടിച്ചമർത്തലിനും പാത്രമാക്കി മാറ്റിയ സവർണ കിരാതത്വത്തിനുമെതിരെ സന്ധിയില്ലാ പോരാട്ടം നടത്തിയ ആ കർമധീരന്റെ ജീവിതത്തിന് 1969 ജൂലൈ 7ന് തിരശ്ശീല വീണു.

ക്രൈസ്തവമഹാസമ്മേളനത്തോടനുബന്ധിച്ച് കോഴഞ്ചേരിയിൽ 1935 മെയ് 11ന് നടന്ന സംയുക്ത രാഷ്ട്രീയ സമ്മേളനത്തിന്റെ മുഖ്യസംഘാടകരിലൊരാൾ സി.കേശവനായിരുന്നു. ആ സമ്മേളനത്തിൽ ദിവാൻ സർ സി.പിക്കെതിരായി പ്രസംഗിച്ചു എന്ന കാരണത്താൽ ജൂൺ 7ന് അദ്ദേഹം അറസ്റ്റിലായി. സഹപ്രവർത്തകനും സുഹൃത്തുമായിരുന്ന ടി.എം.വർഗീസ് നടത്തിയ നിയമയുദ്ധത്തിന്റെ ഫലമായി 1937 ഓഗസ്റ്റ് 25ന് അദ്ദേഹം ജയിൽ മോചിതനായി. എന്നാൽ ഇതിന്റെ പ്രതികാരമെന്നോണം ശ്രീമൂലം അസംബ്ലിയിലെ ഡെപ്യൂട്ടി പ്രസിഡണ്ട് സ്ഥാനം ടി.എം.വർഗീസിന് നഷ്ടപ്പെട്ടു.

## സവ്യസാചി




# പഞ്ചപാണ്ഡവർക്കും പ്രിയങ്കരിയായി പാഞ്ചാലി

ആഗ്രഹിച്ചിരുന്നതുപോലെ, തന്റെ മകളെ അർജ്ജുനൻ തന്നെയാണു പരീക്ഷയിൽ ജയിച്ചു നേടിയിരിക്കുന്നത് എന്നറിഞ്ഞപ്പോൾ ദ്രുപദരാജാവ് ആഹ്ലാദവിവശനായി. മകളുടെ വിവാഹം ആർഭാടപൂർവം നടത്താനുള്ള ഒരുക്കങ്ങളും ആരംഭിച്ചു.

അടുത്ത ദിവസം തന്നെ ദ്രുപദൻ പാണ്ഡവജ്യേഷ്ഠനായ യുധിഷ്ഠിരനെ വിളിച്ച് വിവാഹകാര്യം സംസാരിച്ചു.

അദ്ദേഹം പറഞ്ഞു:

"യുധിഷ്ഠിരാ, ഒരുക്കങ്ങളെല്ലാം പൂർത്തിയായി. ജ്യോതിഷികൾ മുഹൂർത്തവും കുറിച്ചുകഴിഞ്ഞു. രാജഗുരുവിനോടൊപ്പം വിവാഹകർമങ്ങൾക്കു കാർമ്മികത്വം വഹിക്കാൻ മഹർഷിമാരും എത്തിക്കഴിഞ്ഞു. നിശ്ചയിക്കപ്പെട്ടിരിക്കുന്ന ശുഭമുഹൂർത്തത്തിൽ പാർത്ഥൻ എന്റെ മകളെ പാണിഗ്രഹം ചെയ്യട്ടെ".

യുധിഷ്ഠിരൻ മറുപടിയായി ഇങ്ങനെ പറഞ്ഞു: "രാജാവേ, എനിക്കും വിവാഹം ചെയ്യേണ്ടതുണ്ട്. എന്റെ ഇളയസഹോദരന്മാരും വിവാഹം കഴിച്ചിട്ടില്ല.

അതിനെന്താ, വേണ്ടുന്ന ഏർപ്പാടുകളെല്ലാം ഞാൻ തന്നെ ചെയ്യാമല്ലോ. അർജ്ജുനൻ കൃഷ്ണയെ വിവാഹം ചെയ്യുന്ന അതേ മുഹൂർത്തത്തിൽ തന്നെ സഹോദരന്മാരുടെ വിവാഹവും നടക്കട്ടെ. രൂപവതികളായ കന്യകമാരെ കണ്ടെത്താൻ ഞാൻ ഇന്നു തന്നെ രാജദൂതന്മാരെ അയയ്ക്കാം.

അങ്ങനെയല്ല, ദ്രുപദനെ തടഞ്ഞു യുധിഷ്ഠിരൻ പറഞ്ഞു: ''പാഞ്ചാലി ഞങ്ങൾക്കു ലഭിച്ച ഭിക്ഷയാണെന്നു ധരിച്ച് ഞങ്ങളുടെ അമ്മ കുന്തി ഞങ്ങളോട് പറഞ്ഞത്, അഞ്ചുപേരും കൂടി പങ്കിട്ടെടുത്തുകൊള്ളുക എന്നായിരുന്നു. അതുകൊണ്ട് ഞങ്ങൾ അഞ്ചുപേരും പാഞ്ചാലിയെ വിവാഹം ചെയ്യണം. അമ്മയുടെ വാക്ക് തെറ്റാൻ പാടില്ല".



നെറുകയിലൊരടി കിട്ടിയാലെന്നതുപോലെ ദ്രുപദൻ കുറച്ചുനേരം സ്തംഭിച്ചു നിന്നുപോയി. പിന്നെ ചോദിച്ചു: "എന്താണു പറഞ്ഞത്? എന്റെ മകളെ നിങ്ങൾ അഞ്ചുപേരും വിവാഹം ചെയ്യുമെന്നോ? നാളിതുവരെ കേട്ടിട്ടില്ലാത്ത കാര്യം. ഒരു പുരുഷനു പല ഭാര്യമാരാകാം. പക്ഷേ, ഒരു സ്ത്രീക്കു പല ഭർത്താക്കന്മാർ എന്നത് ആദ്യം കേൾക്കുകയാണ്. യുധിഷ്ഠിരാ, താങ്കൾ ധർമജ്ഞനാണ്. തെറ്റായവഴിയിൽ ഒരിക്കലും സഞ്ചരിക്കാത്തവൻ. ലോകനീതികളും ധർമചിന്തകളും അനുവദിക്കാത്ത ഇക്കാര്യത്തിൽ താങ്കളുടെ ബുദ്ധി കുടുങ്ങിപ്പോയതെങ്ങനെ"?

"മഹാരാജാവേ, ധർമത്തിന്റെ ഗതി അത്യന്തം നിഗൂഢമാണ്. അതിന്റെ സൂക്ഷ്മത നമ്മൾക്കറിയാൻ കഴിയില്ല. പൂർവികർ നടന്ന വഴിക്കാണു നമ്മളും നടക്കേണ്ടത്. ഞാൻ അസത്യം പറയില്ല. അധർമം ചിന്തിക്കില്ല. അമ്മയുടെ വാക്കാണ് ഞങ്ങൾക്കുപ്രമാണം. അതുകൊണ്ട് ഇക്കാര്യത്തിൽ മാറ്റമില്ല. അങ്ങ് ഈ വിവാഹം നടത്തിത്തരണം".

എത്ര ആലോചിച്ചിട്ടും ദ്രുപദന് യുധിഷ്ഠിരവാക്കുകൾ സ്വീകാര്യമായില്ല. മകളെ അഞ്ചുപേർക്ക് ഭാര്യയായികൊടുക്കുക. ഛേ, ആളുകളെന്തു പറയും? അഞ്ചുവീരന്മാരെ കണ്ടപ്പോൾ മനസ്സിളകിപ്പോയെന്നു പറയില്ലേ? അവരുടെ സഹായം സ്വന്തം രാജ്യസുരക്ഷയ്ക്കുറപ്പിക്കാൻ മകളെ വിലയായിക്കൊടുത്തു എന്നാക്ഷേപിക്കില്ലേ? മറ്റുള്ളവരുടെ മുഖത്തെങ്ങനെ നോക്കും? അദ്ദേഹം വല്ലാതെ വിഷാദിയായി. അങ്ങനെയിരിക്കെ തികച്ചും യാദൃച്ഛികമായി വേദവ്യാസമഹർഷി കൊട്ടാരത്തിലെത്തി.

**നെറുകയിലൊരടി കിട്ടിയാലെന്നതുപോലെ ദ്രുപദൻ കുറച്ചുനേരം സ്തംഭിച്ചു നിന്നുപോയി. പിന്നെ ചോദിച്ചു: "എന്താണു പറഞ്ഞത്? എന്റെ മകളെ നിങ്ങൾ അഞ്ചുപേരും വിവാഹം ചെയ്യുമെന്നോ?**

എല്ലാവരും കൂടി മഹർഷിയെ ആദരപൂർവം എതിരേറ്റു. കുശലപ്രശ്നങ്ങൾക്കിടയിൽ രാജാവു മകളുടെ വിവാഹ കാര്യം അദ്ദേഹത്തെ അറിയിച്ചു. ധർമസങ്കടത്തിൽ നിന്നു തന്നെ രക്ഷിക്കണം എന്നും അപേക്ഷിച്ചു.

എല്ലാം ഉൾക്കണ്ണിൽ കണ്ടറിഞ്ഞാണ് വന്നതെങ്കിലും വ്യാസമുനി കാര്യം ഇപ്പോഴാണറിയുന്നതെന്നു നടിച്ചു. അദ്ദേഹം എല്ലാവരോടും അഭിപ്രായം ആരാഞ്ഞു. കുന്തീദേവി ഉൾപ്പെടെ പാണ്ഡവരെല്ലാം പാഞ്ചാലി അഞ്ചുപേരുടെയും ഭാര്യയായിരിക്കണമെന്ന് അഭിപ്രായപ്പെട്ടു. ദ്രുപദനും ധൃഷ്ടദ്യുമ്നനും അതിനോടു ശക്തമായി വിയോജിച്ചു.

ഇത്രയുമായപ്പോൾ, വ്യാസമുനി ദ്രുപദനെ വിളിച്ചുകൊണ്ട് കൊട്ടാരത്തിനുള്ളിലേക്കു പോയി. ഇരുവരും തനിച്ചായപ്പോൾ വ്യാസമഹർഷി ദ്രുപദനോടു പറഞ്ഞു: "മഹാരാജാവേ, നമ്മൾ ആഗ്രഹിക്കുന്നതുപോലെയല്ല പലപ്പോഴും കാര്യങ്ങൾ നടക്കുക. ലോകനീതികളും ധർമതത്ത്വങ്ങളും കാലാകാലങ്ങളിൽ മാറിവരാം. ഒരു സ്ത്രീ പല പുരുഷന്മാർക്ക് ഭാര്യയായിത്തീർന്ന കഥകൾ പുരാണങ്ങളിൽ കാണുന്നുണ്ട്. പാഞ്ചാലി താങ്കൾക്ക് ലോകധർമമനുസരിച്ച് ജനിച്ച മകളല്ലല്ലോ. അവൾ പൂർവജന്മത്തിൽ കുഷ്ഠരോഗിയായ മൗൽഗല്യന്റെ ഭാര്യയായിരുന്നു. പേര് നാളായണി. അദ്ദേഹത്തെ മാതൃകാപരമായി ശുശ്രൂഷിച്ചതിന് പ്രതിഫലമായി,'ഈ ജന്മത്തിൽ നിനക്കു ലഭിക്കാതെ പോയ ഭർതൃസുഖം അടുത്ത ജന്മത്തിൽ അഞ്ചുപേരുടെ ഭാര്യയായി നീ അനുഭവിച്ചുകൊള്ളുക' എന്നനുഗ്രഹിക്കുകയുണ്ടായി. ആ നാളായണിയുടെ പുനർജന്മമാണു പാഞ്ചാലി.

മറ്റുപല കഥകളും പറഞ്ഞു കേൾപ്പിച്ച് വ്യാസഭഗവാൻ ദ്രുപദരാജാവിനെ ആശ്വസിപ്പിക്കുകയും സമാധാനിപ്പിക്കുകയും ചെയ്തു. സന്തുഷ്ടനായ ദ്രുപദൻ, 'അങ്ങും ഇങ്ങനെതന്നെയാണുപദേശിക്കുന്നതെങ്കിൽ ഞാനിതാ സമ്മതിച്ചിരിക്കുന്നു' എന്നു മറുപടിയും പറഞ്ഞു.

പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കിയ വ്യാസമുനി എല്ലാവർക്കും അനുഗ്രഹങ്ങളും ഉപദേശ നിർദേശങ്ങളും നല്കി യാത്രയായി.

പാഞ്ചാല രാജാവിന്റെ കുലഗുരുവായ ധൗമ്യമഹർഷി വിധിപ്രകാരം വിവാഹ കർമങ്ങൾ നടത്തി. അത് അഞ്ചു ദിവസം നീണ്ടുനിന്നു. ഒന്നാം ദിവസം യുധിഷ്ഠിരൻ പാഞ്ചാലിയെ പാണിഗ്രഹം ചെയ്തു. രണ്ടാം ദിവസം ഭീമനും മൂന്നാം ദിവസം അർജ്ജുനനും പിന്നെ നകുലസഹദേവന്മാരും മൂപ്പുക്രമത്തിൽ കൃഷ്ണയെ വിവാഹം ചെയ്തു. വീരമാതാവായിത്തീരട്ടെ എന്നു കുന്തി പുത്രവധുവിനെ അനുഗ്രഹിച്ചു.

വിവാഹാനന്തരം ധാരാളം സ്വർണങ്ങളും പണവും കുതിരകളും ദ്രുപദ രാജാവ് തന്റെ മകൾക്കു വിവാഹസമ്മാനമായി നല്കി. ദ്വാരകയിൽ നിന്നു ശ്രീകൃഷ്ണനും ധാരാളം സമ്മാനങ്ങൾ പാണ്ഡവർക്ക് എത്തിച്ചുകൊടുത്തു.

ഭിക്ഷയാചിച്ചു ജീവനം സാധിച്ചുപോന്ന പാണ്ഡവർ പെട്ടെന്നു ധനികരായി. രാജകീയ പ്രൗഢിയോടെ, പാഞ്ചാലരാജാവു വിട്ടുകൊടുത്ത കൊട്ടാരത്തിൽ അവർ താമസം തുടർന്നു.

അഞ്ചു ഭർത്താക്കന്മാരെയും സമചിന്തയോടെ സന്തോഷിപ്പിക്കാൻ പാഞ്ചാലിക്കു സാമർത്ഥ്യം ഏറെയായിരുന്നു. ആരും തമ്മിൽ ഈർഷ്യയോ കലഹമോ ഉണ്ടാക്കാൻ അവൾ ഇടയാക്കിയില്ല. ഓരോരുത്തരും 'അവൾ എന്നെയാണു കൂടുതൽ സ്നേഹിക്കുന്ന'തെന്ന തിരിച്ചറിവിൽ ഏറെ സന്തുഷ്ടരായി. ജീവിതത്തിൽ ഇതിനുമുമ്പനുഭവിക്കാത്ത സുഖാനുഭവങ്ങളിലൂടെ അവർ സഞ്ചരിച്ചു. ആഹ്ലാദത്തിന്റെയും നിർവൃതിയുടെയും നിറവിൽ അവർ ചാരിതാർത്ഥരായി. പാഞ്ചാലി അവരുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവായി മാറി. അമ്മ കുന്തിയെ അവൾ അനുസരിക്കുകയും ആദരിക്കുകയും ചെയ്തു. അമ്മയുടെ ഒരു വാക്കിനും അവൾ എതിർവാക്കുരിയാടിയില്ല. ഒരു പരാതിയും അമ്മയോട് പറഞ്ഞില്ല. വാർധക്യത്തിലേക്കു കാലൂന്നിയ അമ്മയെ അവൾ ശ്രദ്ധയും ഭക്തിയും നിറഞ്ഞ ശുശ്രൂഷകളിലൂടെ സന്തുഷ്ടയാക്കി. അമ്മയാകട്ടെ, പുത്രവധുവിനെച്ചൊല്ലി അഭിമാനം കൊള്ളുകയും തന്റെയും മക്കളുടെയും ഭാഗ്യം മനുഷ്യരൂപമെടുത്ത ലാവണ്യധാമമാണവൾ എന്നു സമാശ്വസിക്കുകയും ചെയ്തു.

പാണ്ഡവർ ഇങ്ങനെ ജീവിതത്തിന്റെ നിറവിൽ സന്തുഷ്ടരായി പാഞ്ചാലരാജ്യത്തു കഴിയുമ്പോൾ, അകലെ ഇന്ദ്രപ്രസ്ഥത്തിൽ നിന്നു നീണ്ടെത്തിയ ചാരക്കണ്ണുകൾ അവരുടെ യഥാർത്ഥ്യം തിരിച്ചറിയുകയും കൗരവരാകെ ശത്രുഭയംകൊണ്ട് വല്ലാതെ അസ്വസ്ഥരാവുകവും ചെയ്തു.

*(തുടരും)*